ശ്രീ. ഉമ്മൻചാണ്ടി : സർ, ബഹുമാനപ്പെട്ട മന്ത്രി കെ.കുട്ടി അഹമ്മദ് കുട്ടിക്ക് പരിക്കുപറ്റിയ വിവരം അറിഞ്ഞയുടൻ തന്നെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മെഡിക്കൽ കോളേജിൽ എത്തിച്ചേർന്നു. പത്രത്തിൽ വന്ന വാർത്ത പൂർണ്ണമായും ശരിയല്ല. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ ചികിത്സയുടെ ഭാഗമായി Whole Body C.T. സ്കാനാണ് എടുക്കേണ്ടിയിരുന്നത്. അതിനുള്ള സൗകര്യം അവിടെയുണ്ടായിരുന്നു. അപ്പോൾത്തന്നെ എടുക്കുകയും ചെയ്തു. സി. ടി. സ്കാൻ എടുത്തതുകൊണ്ട് എക്സ്റേ എടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെറിയ സൈസിലുള്ള എക്സ്റേ ഫിലിം മാത്രമേയുണ്ടായിരുന്നുള്ളൂ. വലിയ എക്സ്റേ ഫിലിം അവിടെയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൂടെ പരിക്കുപറ്റിയ ഗൺമാനും ഡ്രൈവർക്കും വലിയ ഫിലിമുള്ള എക്സ്റേ ആയിരുന്നു എടുക്കേണ്ടിയിരുന്നത്. അതവിടെ ഇല്ലായിരുന്നു. തൊട്ടടുത്ത എസ്. എ. ടി. ആശുപത്രിയിൽ നിന്നും ഫിലിം എടുത്ത് രണ്ടു പേർക്കും താമസം കൂടാതെ തന്നെ എക്സ്റേ എടുക്കുകയും ചെയ്തു. ഫിലിം അവിടെയില്ലായിരുന്നു എന്നുള്ളത് ശരി തന്നെയാണ്. പക്ഷേ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് ആ എക്സ്റേ എടുക്കേണ്ടിയിരുന്നില്ല. കൂട്ടത്തിൽ പരിക്കുപറ്റിയ രണ്ടു പേർക്ക് വേണമായിരുന്നു. മിനിസ്റ്ററുടെ തുടർചികിത്സയുടെ ഭാഗമായി ഐ. സി. യൂണിറ്റിൽ ആവശ്യമുള്ള സമയങ്ങളിൽ എക്സ്റേ എടുക്കുന്നുണ്ട്. അതിനൊന്നും തടസ്സം വന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ സ്ഥിതി ആശങ്കാജനകമല്ലെന്ന് ഡി. എം. ഇ. അറിയിച്ചിട്ടുണ്ട്. എന്നാലും ഒരു സെക്കന്റ് ഒപ്പീനിയൻ ലഭിക്കുന്നതിനുവേണ്ടി ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സിൽ നിന്നും ഡോ. മേത്തയുടേയും ബാംഗ്ളൂരിലെ നിംഹാൻസിലെ ഡോ. ചന്ദ്രമൗലിയുടെയും സേവനം എത്രയുംവേഗം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

VI. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മൂഴിയാർ പവർ സ്റ്റേഷന്റേയും പ്രസരണ ഉപകരണങ്ങളുടേയും പ്രവർത്തനം നിർത്തിവയ്ക്കുന്നത് സംബന്ധിച്ച്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ശബരിഗിരി ജല വൈദ്യുത പദ്ധതിയുടെ പ്രവർത്തനം തൽക്കാലത്തേക്കു നിർത്തിവയ്ക്കുന്നതു സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. 300 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ശബരിഗിരി ജലവൈദ്യുത പദ്ധതി 1966-ൽ കമ്മീഷൻ ചെയ്തതാണ്. സാധാരണ 35 വർഷമാണ് ഒരു പദ്ധതിയുടെ പ്രവർത്തനക്ഷമമായ കാലയളവ്. ഈ പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ 2003 ഫെബ്രുവരി 25 മുതൽ നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 2005 ഫെബ്രുവരി 7 മുതൽ മൂഴിയാർ പവർ സ്റ്റേഷന്റേയും പ്രസരണ ഉപകരണങ്ങളുടേയും പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കേണ്ടതായി

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. ഇതുമൂലം പാമ്പാടി, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, പീരുമേട്, വണ്ടിപ്പെരിയാർ എന്നീ ഇലക്ട്രിക്കൽ സബ് സ്റ്റേഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വൈകിട്ട് 6.30 മണി മുതൽ 10 മണിവരെയുള്ള പീക്ക് ലോഡ് സമയത്ത് വൈദ്യുതി വിതരണത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരും. പീക്കു ലോഡ് സമയത്ത് ഈ പ്രദേശങ്ങളിലെ എല്ലാ ഉപഭോക്താക്കളും വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുകയാണെങ്കിൽ വൈദ്യുതി നിയന്ത്രണവും തദനുസരണമായി കുറയ്ക്കാൻ സാധിക്കും. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പ്രചാരമുള്ള പത്രങ്ങൾ വഴി അതു സംബന്ധിച്ച് അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഈ വിവരം സഭയുടെ ശ്രദ്ധയ്ക്കായി സമർപ്പിക്കുന്നു.

VII റിപ്പോർട്ട് സമർപ്പണം

(1) 2005-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ

(2) 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

(3) 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

(4) 2005-ലെ കേരള പഞ്ചായത്ത്‌രാജ് (രണ്ടാം ഭേദഗതി) ബിൽ

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമള്ള ബില്ലും ബഹുമാനപ്പെട്ട സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമള്ള ബില്ലും ബഹുമാനപ്പെട്ട സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമള്ള ബില്ലും ബഹുമാനപ്പെട്ട സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമള്ള ബില്ലും ബഹുമാനപ്പെട്ട സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly